**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** | **28-01-2026 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>**കയർ** മേഖലയിൽ യന്ത്രവത്കരണത്തിലൂടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം വിപണിക്കാവശ്യമായ നവീന ഉത്പന്നങ്ങൾ നിർമ്മിച്ചെടുക്കാൻ തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ/ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ചകിരിച്ചോറിൽ നിന്നുള്ള ഉത്പന്നങ്ങൾ കയർഫെഡ് വഴിയും കയർ സംഘങ്ങൾ വഴിയും ഉത്പാദിപ്പിച്ച് വിപണനം നടത്തി വരുന്നുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ, വിനിയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.<br><br>അസംസ്കൃത വസ്തുവായ ചകിരി നാരിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും, സമയ ബന്ധിതമായി ആവശ്യമായ അളവിൽ ചകിരിനാരു ലഭ്യമാക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ കയർ വകുപ്പിന് കീഴിൽ ഏകോപിപ്പിച്ചു നടപ്പിലാക്കി വരുന്നു.<br><br>1. കയർ ഫൈബർ ബാങ്ക് പദ്ധതി<br><br>2. കയർ റിവോൾവിംഗ് ഫണ്ട് പദ്ധതി<br><br>3. വരുമാനം ഉറപ്പാക്കൽ പദ്ധതി<br><br>4. പ്രവർത്തന മൂലധനം<br><br>5. DF യൂണിറ്റുകൾ. ASM യൂണിറ്റുകൾ, ചെറുകിട തറി ഉടമകളുടെ തറികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതികൾ |

6. മാനേജീരിയൽ സബ്സിഡി

7. ഇൻവെസ്റ്റ്മെൻറ് സബ്സിഡി & വൈദ്യുതി സബ്സിഡി

8. ഉല്പാദനവും വിപണന പ്രചോദനവും പദ്ധതി

9. വിപണി വികസന സഹായ പദ്ധതി

10. ക്രയവില സ്ഥിരതാ പദ്ധതി

11. ഗ്രാറ്റുവിറ്റി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി

12 വൈവിധ്യവൽക്കരണം

13. ഇൻഷുറൻസ് പദ്ധതി

14. ക്ഷേമ നിധി വിരമിക്കൽ ആനുകല്യം

കയർ തൊഴിലാളികളുടെ ദിവസക്കൂലി 400 രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. വർദ്ധിപ്പിച്ച തുകയുടെ 50% സർക്കാർ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

പരമ്പരാഗത വ്യവസായമായ **കൈത്തറി** മേഖലയെ സംരക്ഷിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.

2) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

3) ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

4)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്ന തിനുള്ള സബ്സിഡി.

5) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

6) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ (യുവ വീവ് പദ്ധതി).

7)നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളി കൾക്കുമുള്ള പ്രോത്സാഹന പരിപാടി.

8) കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക.

9) കാഞ്ഞിരോട് കൈത്തറി ഗ്രാമം/ ഹാൻഡ്ലൂം വില്ലേജ്.

10) കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷുറൻസ് പദ്ധതി.

11)കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി (പുതിയത്).

12) വിപണന - കയറ്റുമതി പ്രോത്സാഹനം.

13)കൈത്തറി സംഘങ്ങളുടെ ആധുനിക വൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.

14)പരിശീലന, വൈദഗ്ദ്ധ്യ ശേഷി വികസന പരിപാടി

15) ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്. ഡി.പി).

16) അംശദാനമിതവ്യയ പദ്ധതി.

17) റിബേറ്റ് പദ്ധതി.

18) മാർക്കറ്റിംഗ് ഇൻസെന്റീവ്.

19)സ്മാൾ ക്ലസ്റ്റർ ഡെവലപ്മെന്റ്സ് പ്രോഗ്രാം.

20) കേരള കൈത്തറി ബ്രാൻഡിംഗ് & 'ക' എന്ന ലോഗോ.

21)നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് ആൻറ് പ്രിന്റിങ് സെൻറർ

22) ഡിസൈൻ സ്റ്റുഡിയോ.

23) ഇൻകം സപ്പോർട്ട് സ്കീം.

കൂടാതെ കൈത്തറി മേഖലയിൽ വൈവിധ്യവത്കരണം കൊണ്ടുവരുന്ന തിനായി **ഡിസൈൻ സ്റ്റുഡിയോ** സ്ഥാപിക്കുന്നതിലൂടെയും, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതിയുടെ ഭാഗമായി സാങ്കേതിക മേന്മ വർദ്ധിപ്പിക്കുന്നതിലൂടെയും (Technology Upgradation) നെയ്ത്തുകാർക്ക് പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിലൂടെയും സാധിക്കുന്നു.

**കശുവണ്ടി** മേഖലയിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള സംസ്കരണശാലകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ അസംസ്കൃത വസ്തുവായ തോട്ടണ്ടി ആഭ്യന്തരമായും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തോ വാങ്ങിയോ

കേരളത്തിലെ കശുവണ്ടി മേഖലയിലെ സംസ്കരണശാലകൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കി ടി മേഖലയിൽ പരമാവധി തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുവാനായി കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട് .കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണം, ഭാഗീകയ യന്ത്രവൽക്കരണം എന്നിവയ്ക്കായി ഗവൺമെന്റ് അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ ആധുനിക വൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

2025 വർഷം പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ 127 ദിവസത്തെ ജോലിയാണ് നൽകിയിട്ടുള്ളത്. ഈ വർഷവും തുടർച്ച യായി കോർപ്പറേഷനിൽ ജോലി നടന്ന് വരുന്നു. കാഷ്യൂ ബോർഡ് മുഖാന്തിരം 2025 വർഷം ലഭിച്ച ഏകദേശം 13,610 MT തോട്ടണ്ടി ഉപയോഗിച്ചാണ് നാളിതുവരെ ജോലി നൽകിയിട്ടുള്ളത്. നിലവിൽ കോർപ്പറേഷനിൽ ഏകദേശം 3,691.935 MT തോട്ടണ്ടി സ്റ്റോക്ക് ഉണ്ട്. ഈ തോട്ടണ്ടി ഉപ യോഗിച്ച് തൊഴിലാളി കൾക്ക് തുടർച്ചയായി 2026 ഏപ്രിൽ മാസം വരെ ജോലി നൽകാൻ കഴിയുന്നതാണ്. തുടർന്നും കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്

കശുവണ്ടി മേഖലയിലെ ചെറുതും ഇടത്തരവുമായ ഫാക്ടറി യൂണിറ്റുകളുടെ പ്രവർത്തന തുടർച്ചയും തൊഴിൽ സംരക്ഷണവും ഉറപ്പാക്കുന്നതിനായി **“Revival of Small and Medium Scale Cashew Factory Units for Lost Livelihoods”** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തനക്ഷമമായ ചെറുകിട–ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് മൂലധന ഗ്രാന്റും പ്രവർത്തന മൂലധനത്തിനായി എടുത്ത വായ്പകളിലെ പലിശയ്ക്ക് സബ്സിഡിയും അനുവദിച്ച് ഉൽപ്പാദനക്ഷമത വർധിപ്പിക്കുകയും തൊഴിലവസരങ്ങൾ നിലനിർത്തുകയും ചെയ്യുകയാണ് ലക്ഷ്യം.

കൂടാതെ, സ്വകാര്യ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങൾ പരിഹരിച്ച്

സമഗ്ര പുനരുജ്ജീവനം സാധ്യമാക്കുന്നതിനായി **"Revival, Rejuvenation and Resurrection of Private Cashew Industry Sector"** എന്ന പദ്ധതിയും സർക്കാർ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് പ്രവർത്തന ബന്ധിത പ്രോത്സാഹനം, സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും നവീകരണവും, ഷെല്ലിംഗ് യൂണിറ്റുകളുടെ ആധുനികവത്കരണവും ലക്ഷ്യമിടുന്നു.

ബാങ്കുകളിൽ നിന്ന് ലോണെടുത്ത് എൻ.പി.എ ആയ കശുവണ്ടി ഫാക്ടറികളെ പുനരുജ്ജീവിപ്പിക്കുന്നതിനായി OTS നടപ്പിലാക്കി വരുന്നു. സ.ഉ(സാധാ)നം.542/23/ഐ.ഡി തീയതി 08/06/2023 പ്രകാരം പ്രസ്തുത വൺ ടൈം സെറ്റിൽമെന്റ് ഫോർമുലക്ക് രൂപം നൽകിയിട്ടുണ്ട്.കശുവണ്ടി തൊഴിലാളി കളുടെ മിനിമം വേജസ്സ് പുതുക്കി 09.02.2024 തീയതിയിൽ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 23% കൂലി വർദ്ധനവ് ആണ് ഇപ്രകാരം 12.02.2024 മുതൽ നടപ്പാക്കിയിട്ടുള്ളത്.

കേരളത്തിലെ പരമ്പരാഗത വ്യവസായമായ Drum Roast cashew വിന് ഭൗമസൂചികാ പദവി നേടുന്നതിനായി രജിസ്ട്രേഷനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

തോട്ടണ്ടിയുടെ ആഗോള കമ്പോളവിലയും, ആഭ്യന്തര വിപണിയിൽ കർഷകർ വിൽക്കുന്ന വിലയും ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ വിലനിർണ്ണയസമിതിയുടെ യോഗം 11/03/2025 ൽ കൂടുകയും വില 140 രൂപയായി നിശ്ചയിക്കുകയും ചെയ്തു. ഇക്കൊല്ലത്തെ തോട്ടണ്ടി വില നിർണ്ണയസമിതിയുടെ യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയായ ഖാദി മേഖലയെ കാലാനുസൃതമായി നവീകരിച്ചും വൈവിധ്യവത്കരിച്ചും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചും ഖാദി മേഖലയുടെ പ്രവർത്തനം വിലയിരുത്തി ഖാദി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഖാദി ബോർഡ് സ്വീകരിച്ചുവരുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി തൊഴിലാളികൾക്കു ഇൻകം സപ്പോർട്ട് സ്കീമിൽ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക

അനുവദിച്ചുനൽകുന്നുണ്ട്. ഇതിനുപുറമേ തൊഴിലാളികൾക്ക് ഇൻസന്റീവ്, ഉൽസവബത്ത, ESI ആനുകൂ ല്യങ്ങൾ, ഹോളിഡേ വേജസ്സ്, സറണ്ടർ വേജസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയവയും നൽകി വരുന്നു.

ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിച്ച് പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിച്ചതു വഴി ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദി പ്പിക്കുന്നതിനും സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും സാധിച്ചു. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഖാദി മേഖലയിലെ തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ചർക്കകളിലും തറികളിലും സാദ്ധ്യമാകുന്ന നവീകരണം നടത്തുന്നതിനായി മദ്രാസ് IITയിലെ RuTAG (Rural Technology Action group) വിഭാഗത്തെ ചുമതലപ്പെടുത്തി . ഖാദി മേഖല ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി ഡ്യൂവൽ ഡ്രീവൻ മെക്കാനിസമുള്ള ചർക്കകൾ പുറത്തിറക്കി ആയത് വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഖാദിയുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി സ്വദേശി 2.0 എന്ന ഫാഷൻ ഷോ സംഘടിപ്പിച്ചു. ടി. ഫാഷൻ ഷോയിൽ കുരുമാലൂർ ഖാദി സാരിയും അഭിഭാഷക കോട്ടും വിപണിയിലിറക്കി. ഖാദി ഉല്പന്നങ്ങളുടെ വിപണി വിപുലികരിക്കുക എന്ന ലക്ഷ്യത്തോടെ B-Senz എന്ന സ്ഥാപനം KHADI TRENDS AND VIBES എന്ന പേരിൽ ഡിജിറ്റൽ മാർക്കറ്റിംഗ് ആരംഭിച്ചു. കേരള ഖാദി എന്ന Online App ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു. ഇ-ടെൻഡർ കൂടാതെ സർക്കാർ വകുപ്പുകൾക്ക് ഖാദി ഉല്പന്നങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാനുവലിൽ ഇളവ് നൽകി സർക്കാർ ഉത്തരവായിരുന്നു. കൂടാതെ ഖാദി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് ഖാദി കോർണർ എന്ന പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന **കേരള ക്രാഫ്റ്റ്സ് മേള** സംഘടിപ്പിച്ചു വരുന്നു. കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ ബാംബൂ ഇന്നവേഷൻ സെൻറർ സ്ഥാപിച്ചിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷന്റെ** കീഴിൽ ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാരും പായ നെയ്ത്തുകാരും അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹ നങ്ങൾ- വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി.

പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പ്പണി, സ്വർണ്ണപ്പണി, മേസ്തിരിപ്പണി, ചെമ്പ്-ഓട്ട് പാത്ര നിർമ്മാണം തുടങ്ങിയ തൊഴിൽ വിഭാഗത്തിൽ ഏർപ്പെട്ടിരിക്കുന്ന **ആർട്ടിസാന്മാ**രുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സ്ഥാപിതമായ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആർട്ടിസാന്മാർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും, ഉൽപ്പന്ന പ്രദർശനവും, വിൽപ്പന ശാലകൾ വഴി ന്യായമായ വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നീ ലക്ഷ്യത്തോടെ നാശോന്മുഖമായ ഈ തൊഴിലുകളെ പുനരുജ്ജീവിപ്പിച്ച് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. NBCFDC സഹായത്തോടെ ചെറുകിട സംരംഭക യൂണിറ്റുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നുണ്ട്. പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന്, ഗോൾഡ് അപ്രൈസർ ട്രെയിനിംഗ് കോഴ്സ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

കരകൗശല മേഖലയെ സംരക്ഷിക്കുന്നതിനും, ഈ മേഖലയിൽ വൈവിധ്യവൽക്കരണം കൊണ്ടു വരുന്നതിനുമായി **കരകൗശല വികസന കോർപ്പറേഷൻ** സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ്പ ലഭ്യമാക്കുകയും പുതിയ ഉൽപ്പന്നങ്ങളുടെ ഡിസൈനുകളും മാതൃകകളും സൃഷ്ടിക്കുകയും പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

കൂടാതെ പിന്നാക്ക വിഭാഗത്തിൽ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടി രിക്കുന്നവർക്ക് അവരുടെ തൊഴിലുകൾ സംരക്ഷിക്കുന്നതിനും, ആധുനികവൽക്ക രിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനു മായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നൽകി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.

| | | | |
|---|---|---|---|
| | | | 2.പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം<br><br>3.പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല തൊഴിലാളി കൾക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം. |
| (ബി) | കയർ, കൈത്തറി, കശുവണ്ടി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനും ഈ മേഖലകളിൽ വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |
| (സി) | പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി **കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)** നടപ്പിലാക്കി വരുന്നു. സംരംഭം ആരംഭിച്ച ശേഷം ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. കേന്ദ്ര കരകൗശല വികസന കമ്മീഷണറുടെ ഓഫീസ്, സുരഭി, കെഎസ്ബിസി, കാഡ്കോ, എച്ച്ഡിസികെ, കെൽപാം എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്ത കരകൗശല വിദഗ്ധർക്കാണ് പദ്ധതി പ്രയോജനം ലഭിക്കുന്നത്. പൊതുവിഭാഗങ്ങൾക്ക് സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി പരമാവധി **5 ലക്ഷം രൂപ** വരെ (40%) സഹായം നൽകുന്നു. സ്ത്രീകൾ, SC/ST, യുവതി–യുവാക്കൾ, ഭിന്നശേഷിക്കാർ എന്നിവർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി പരമാവധി **7.5 ലക്ഷം രൂപ** വരെ (50%) സഹായം അനുവദിക്കുന്നു. ബാങ്കുമായി ബന്ധപ്പെടുത്തി സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനാണ് ആശ പദ്ധതി ലക്ഷ്യമിടുന്നത്.<br><br>പരമ്പരാഗതമായി കയർ വ്യവസായ മേഖലയിലെ തൊഴിലാളികളിൽ 85%വും സ്ത്രീ തൊഴിലാളികളാണ്. ആയതിനാൽ കയർ വകുപ്പിന്റെ വിവധ പദ്ധതികളിലൂടെയുള്ള അനുകൂല്യങ്ങൾ സ്ത്രീ തൊഴിലാളികൾക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| (ഡി) | പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | വിപണി മൂല്യമുള്ള **കയർ** ഉത്പന്നങ്ങൾ നവീന ഡിസൈനുകളിൽ ഉത്പാദിപ്പി ച്ചെടുക്കുന്നതിന് പ്രാപ്തമാക്കും വിധം പരിശീലന/ നൈപുണ്യ, വികസന പരിപാടികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഡൈസൻ (NID Bhopal) ന്റെ സഹകരണത്തോടെ കയർ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആദ്യഘട്ടമായി 450 പേർക്ക് ദിവസം |

600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകി ഒപ്പം പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി, ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് 99.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പരിശീലനവും മാനേജ്മെന്റിനുമായി 62.65 ലക്ഷംരൂപ വിതരണം ചെയ്തിട്ടുണ്ട്

യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് ലൂമുകളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്നതിന് പുതിയ തലമുറയെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ **മുള മേഖല**യിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ / സംരംഭകർ/ എൻ.ജി.ഒ/ എസ്.എച്ച്.ജി എന്നിവരുടെ ഉല്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായി ആധുനിക വൽക്കരിക്കുന്നതിനും വൈവിധ്യ വത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസിന് പരിസരത്ത് ബാംബൂ ഇന്നവേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

22-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ 2025 ഡിസംബർ മുതൽ 2026 ജനുവരി 1 വരെ സംഘടിപ്പിച്ചു.

**കൈത്തറി** നെയ്ത്ത് വ്യവസായ രംഗത്ത് യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടി 15.11.2017-ലെ സ.ഉ.(സാധാ): 1564/2017/വ്യവ. നം. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് യുവവീവ്. തൊഴിൽ രഹിതരായ 18 നും 40 നും മദ്ധ്യ പ്രായമുള്ള യുവതീ യുവാക്കൾ ആണ് ഇതിന്റെ ഗുണഭോക്താക്കൾ. പരിശീലനത്തിന് ശേഷം ഇവർക്ക്, കൈത്തറി ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാ ക്രമത്തിൽ സൗജന്യമായി തറികളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു നൽകുകയും ചെയ്യും. 5 വർഷത്തോളം ഈ പദ്ധതി പ്രകാരം നെയ്ത്ത് പ്രവൃത്തി എടുക്കുന്ന വ്യക്തിക്ക് കൈത്തറി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്. 18 നും 40 നും മദ്ധ്യേ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള യുവതീ

യുവാക്കളെ കുടുംബശ്രീ മിഷൻ മുഖേനയാണ് പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്.

പുതിയ തലമുറയെ പരമ്പരാഗത വ്യവസായമായ **ഖാദി** മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ഖാദി തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ് നെയ്ത്തു ഉപകരണങ്ങൾ നവീകരിക്കുന്നതിനും ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വിപണനം വർദ്ധിപ്പിക്കുന്നതിനും ഖാദിബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തുന്ന വിധത്തിലുള്ള മാറ്റങ്ങൾ ഖാദി വസ്ത്രങ്ങളിൽ വരുത്തി. റെഡിമെയ്ഡ് വസ്ത്രങ്ങളിൽ വൈവിദ്ധ്യവത്ക്കരണം വരുത്തുന്നതിനായി ഫാഷൻ ഡിസൈനർമാരെ നിയോഗിച്ചു.

പുതുതലമുറയെ ആകർഷിക്കത്തക്ക വിധത്തിലുള്ള വൈവിദ്ധ്യമാർന്ന റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ ടോപ്പുകൾ, കുഞ്ഞുടുപ്പുകൾ, ജുബ്ബകൾ, ഖാദി കസവ് സാരികൾ, വെസ്റ്റേൺ വെയേഴ്സ്, പാർട്ടി വെയർ, കാഷ്വൽ വെയേഴ്സ്, ഓഫീസ് വെയേഴ്സ്, അംഗൻവാടി യൂണിഫോം, ടീച്ചേഴ്സ് അപ്രോൺ, ഡോക്ടർമാരുടെ കോട്ട്, കാക്കി യൂണിഫോം തുടങ്ങിയവയും പരമ്പരാഗത രീതിയി ലുള്ള ഖാദി വസ്ത്രങ്ങളും ആയുർവേദ സസ്യങ്ങൾ, പഴങ്ങൾ, മറ്റ് പ്രകൃതിദത്ത സ്രോതസ്സുകൾ എന്നിവ യിൽനിന്ന് വേർതിരിച്ചെടുക്കുന്ന ചായം ഉപയോ ഗിച്ച് പ്രകൃതിദത്ത നിറമുള്ള "നാച്ചറൽ സ്കിൻ കെയർ" ഖാദി വസ്ത്രങ്ങൾ എന്നിവ വിപണിയിൽ ഇറക്കി.

ഖാദി ബോർഡിനുവേണ്ടി ഓൺലൈൻ വിപണനം നടത്തുന്നതിന് ഷോപ്പിംഗ് കാർട്ട് മൊബൈൽ ആപ്ലിക്കേഷൻ "Khadi Kerala" എന്ന പേരിൽ സജ്ജമാക്കി.

പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുന്ന തിനായി ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഏഴ് വ്യത്യസ്ത രുചികളിലുള്ള കാർബണേറ്റ‍ഡ്സോഫ്റ്റ്ഡ്രിങ്ക് ഉത്പാദനം ലക്ഷ്യമാക്കി സെമി ഓട്ടോമാറ്റിക് പെറ്റ്ബോട്ടിൽ യൂണിറ്റ് **കെൽപാം** സ്ഥാപിച്ചു. കൂടാതെ ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബ് സ്ഥാപിച്ചു.

പ്ലാന്റ്പ്രവർത്തനത്തിന് തുടർച്ചയായി വൈദ്യുതി ലഭിക്കാതെ വരുന്നതിനാൽ 100-KVA കപ്പാസിറ്റിയുള്ള ഒരു ജനറേറ്റർ സ്ഥാപിച്ചു, സെക്യൂരിറ്റി ഓഫീസ് മന്ദിരം നിർമ്മിച്ചു. ഫാക്ടറി നവീകരണം നടത്തി. പ്ലാന്റ് നവീകരണത്തിന്റെ (മോഡേണൈസേഷൻ & എക്സ്പാൻഷൻ ഓഫ് എക്സിസ്റ്റിങ് പ്ലാന്റ്) ഭാഗമായി ചില സുപ്രധാന മെഷിനറികൾ മാറ്റി സ്ഥാപിച്ചു കാര്യക്ഷമത വർധിപ്പിക്കാനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. കരിമ്പന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി കരകൗശല വസ്തുക്കളുടെ നിർമ്മിക്കുന്ന യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും കെൽപാം സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ **കശുവണ്ടി** മേഖലയിലെ **കാപ്പെക്സ്** പരമ്പരാഗത രീതിയിൽ പ്രവർത്തിക്കുന്നു എങ്കിലും പുതുതലമുറയെ ആകർഷിക്കുന്ന രീതിയിൽ ഭാഗിക യന്ത്രവൽക്കരണം ഫാക്ടറികളിൽ നടത്തിയിട്ടുണ്ട്. 95% സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ വ്യവസായത്തിൽ തൊഴിലാളികൾക്ക് ആയാസരഹിതമായി ജോലി ചെയ്യുന്നതിനും, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള യന്ത്ര വൽക്കരണമാണ് കാപ്പക്സ് നടപ്പിൽ വരുത്തിയിട്ടുള്ളത്. അതുപോലെ പീലിംഗ്, ഗ്രേഡിംഗ് വിഭാഗങ്ങളിൽ നിലത്തിരുന്ന് ജോലി ചെയ്യുന്നതിന് പകരം ഇപ്പോൾ കസേരകളിൽ ഇരുന്ന് പ്രസ്തുത ജോലിക്കായി പ്രത്യേകം ഡിസൈൻ ചെയ്ത മേശകളിൽ ജോലി ചെയ്യാം. ഷെല്ലിംഗിന് പകരം കട്ടിംഗ് മെഷീൻ ആയപ്പോൾ കൈകൾ വൃത്തി കേടാകാതെ സംരക്ഷിച്ച് ജോലി ചെയ്യാൻ സാധിക്കുന്നു. പായ്ക്കിംഗ് വിഭാഗത്തിലും ആധുനിക മെഷീനിൽ പായ്ക്ക് ചെയ്യാൻ സാധിക്കുന്നു. കൂടാതെ 2024 ഫെബ്രുവരിയിൽ തൊഴിലാളികളുടെ വേതനം 23% വർദ്ധിപ്പിച്ചതും പുതു തലമുറയെ ആകർഷിക്കുവാൻ പാകത്തിലുള്ളതാണ്. ഈ സാഹചര്യത്തിലും പരമാവധി തൊഴിൽ ദിനങ്ങൾ നൽകി ഇ.എസ്.ഐ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി കാപ്പെക്സ് പ്രവർത്തിക്കുന്നു.

പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി **കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ** 4ഫാക്ടറികളിൽ fully mechanized processing സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ കോർപ്പറേഷനിലെ മാർക്കറ്റിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള സെയിൽസ് ഔട്ട്ലെറ്റുകളിലേക്കും മറ്റും പുതിയ തലമുറയിൽപ്പെട്ടവരെ കൂടുതൽ ആകർഷകമാക്കുന്ന

തരത്തിൽ വിപണനത്തിന് അനുസരിച്ച് മികച്ച ഇൻസെന്റീവ് ഉൾപ്പെടെ നൽകുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകുക വഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവ ജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിലാണ് സ്ത്രീ-സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്

**കരകൗശല മേഖല**യിൽ പുതിയ തലമുറയെ ആകർഷിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ കരകൗശല വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ്പ ലഭ്യമാക്കി വരുന്നു. സർക്കാർ സഹായത്തോടെ വിവിധ ക്രാഫ്റ്റുകൾ നിർമ്മിക്കുന്നതിൽ പരിശീലനം നൽകുക, പുതിയ ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു

പരമ്പരാഗത വ്യവസായ മേഖലയിലുൾപ്പെട്ട മരപ്പണി, ഇരുമ്പുപണി, കൽപ്പണി, സ്വർണ്ണപ്പണി, ചെമ്പ് - ഓട്ടുപാത്ര നിർമ്മാണം മുതലായ കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാരെ ഒറ്റക്കുടക്കീഴിൽ കൊണ്ടു വരുന്നതിനായി ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന പദ്ധതി കാഡ്കോ നടപ്പിലാക്കിയിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആർട്ടിസാൻമാർക്ക് അവരവരുടെ താമസ സ്ഥലത്തിന് അടുത്തുതന്നെയുള്ള തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തു ന്നതിനുള്ള പദ്ധതിയാണിത്. പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഗോൾഡ് അപ്രൈസർ ട്രെയിനിംഗ് കോഴ്സ് നടപ്പിലാക്കുന്നതിനുള്ള നടപടി **കാഡ്കോ** സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവത്ക്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി ONDC Platform, GEM Platform എന്നിവ മുഖേന ഉൽപന്ന വിപണനം നടത്തുന്നതിന് സഹായിക്കുന്നു.

| | | | |
|---|---|---|---|
| | | | കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സർക്കാർ നടപ്പാക്കുന്ന **ആശ** പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ